ഒക്ടോബർ 2021

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം

ഒക്ടോബർ മാസം 13, 14, 15 തീയതികളിൽ സഭാ പ്രതിനിധി മണ്ഡലം സൂം (Zoom) വെബിനാറായി നടത്തുവാൻ ക്രമീകരണം ചെയ്തിരിക്കുകയാണല്ലോ. വളരെ നാളത്തെ കൂട്ടായ ആലോചനയും പ്രാർത്ഥനയും ഇതിന്റെ പിന്നിലുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കോവിഡ് 19-ന്റെ അഭൂതപൂർവമായ വ്യാപനത്തിന്റെ സാഹചര്യത്തിൽ മണ്ഡലയോഗങ്ങൾ ചേരുവാൻ സാധിച്ചില്ല. തന്മൂലം ഇപ്പോൾ ഇത് നടക്കേണ്ടത് ഒരു അടിയന്തര ആവശ്യമാണ്. ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ മണ്ഡലയോഗങ്ങൾ നടക്കുമ്പോൾ അവയുടെ നടത്തിപ്പിനെ സംബന്ധിച്ച് സൂക്ഷ്മമായി ഓരോ മണ്ഡലാംഗവും അറിഞ്ഞിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിനായി മണ്ഡലയോഗങ്ങൾ കൂടുന്ന അതേ മാതൃകയിൽ ഒരുക്കയോഗങ്ങൾ (rehearsal) ഓരോ ഭദ്രാസനങ്ങൾക്കും പ്രത്യേകമായി ഓരോ മീറ്റിംഗും, പഠനയോഗവും, പട്ടക്കാരുടെ സമ്മേളനവും വെബിനാറായി ക്രമീകരിച്ചിട്ടുണ്ട്. മണ്ഡലാംഗങ്ങൾക്ക് രജിസ്റ്റർ ചെയ്യുന്നതിനുള്ള ലിങ്കും, രജിസ്റ്റർ ചെയ്തവർക്ക് വെബിനാറിൽ കയറുന്നതിനുള്ള ലിങ്കും അവരവരുടെ രജിസ്ട്രേഡ് ഈമെയിലിൽ അയയ്ക്കും. അത് ഏറ്റവും സൂക്ഷ്മതയോടും ഉത്തരവാദിത്വബോധത്തോടും കൈകാര്യം ചെയ്യണം. ഇതുവരെയുള്ള കാര്യങ്ങളിൽ ഏവരും നല്കിയ സഹകരണത്തിന് നന്ദി അറിയിക്കുന്നു. ഏറ്റവും ക്രമീകൃതമായി നടപടിക്രമങ്ങൾ പൂർത്തീകരിക്കുവാൻ ദൈവകൃപയിൽ ശരണപ്പെട്ട് എല്ലാ മണ്ഡലാംഗങ്ങളും പ്രാർത്ഥനാപൂർവം തുടർന്നും പങ്കുചേരണം. ഓരോ ഭദ്രാസനത്തിൽ നിന്നുമുള്ള സഭാ കൗൺസിൽ അംഗങ്ങളുടെ തെരഞ്ഞെടുപ്പ് പൂർത്തീകരിക്കുവാൻ സാധിച്ചു എന്നത് സന്തോഷകരമാണ്. സഭയുടെ ഔദ്യോഗിക സംഘടനകളുടെ വാർഷികപൊതുയോഗവും സംഘടനാ ഭാരവാഹികളുടെയും, കേന്ദ്ര കമ്മിറ്റികളുടെയും തെരഞ്ഞെടുപ്പുകളും ഈ നാളുകളിൽ നടക്കുന്നു. ഭദ്രാസന അസംബ്ലി മീറ്റിംഗുകളും നേരിട്ടോ ഓൺലൈനായോ നടത്തുന്നതിന് അനുവാദം നല്കിയിട്ടുണ്ട്. 2021 മാർച്ച് 31 വരെയുള്ള റിപ്പോർട്ടും ഓഡിറ്റ് ചെയ്ത കണക്കും പുതിയ വർഷത്തേക്കുള്ള ബഡ്ജറ്റും തയ്യാറാക്കുന്നതിൽ ഭദ്രാസനങ്ങളും സംഘടനകളും സ്ഥാപനകളും പ്രത്യേകം ശ്രദ്ധിക്കണം.

കോവിഡിന്റെ ഈ നാളുകളിൽ കടകമ്പോളങ്ങളും ഓഫീസുകളും മറ്റും തുറന്ന് സാമൂഹ്യ ജീവിതം കൂടുതൽ സജീവമാകുന്നു. എന്നാൽ രോഗ വ്യാപനം തടയുന്നതിനായി ജാഗ്രത തുടരേണ്ടത് അത്യാവശ്യമാണ്. ലക്ഷണങ്ങൾ ഇല്ലാത്ത കോവിഡ് ബാധിതരുടെ എണ്ണം കൂടുന്നത് രോഗം തിരിച്ചറിയാതെ കൂടുതൽ പേരിലേക്ക് പകരാനിടയാക്കുന്നുണ്ട്. സംസ്ഥാനത്ത് കോവിഡ് കാലത്ത് അടച്ചുപൂട്ടിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പൂർണ്ണതോതിൽ വീണ്ടും തുറന്ന് ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള നീക്കങ്ങൾ സർക്കാർ തലത്തിൽ ആരംഭിച്ചു കഴിഞ്ഞു. ഒന്നരവർഷത്തെ നീണ്ട ഇടവേളയ്ക്ക് ശേഷമാണ് വിദ്യാഭ്യാസ മേഖല വീണ്ടും സജീവമാകുന്നത്. വിദ്യാഭ്യാസ – ആരോഗ്യ വകുപ്പുകളും പ്രാദേശിക മേഖലയിൽ സ്കൂൾ അധികൃതരും ഒരുമിച്ച് ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കണം.വിദ്യാർത്ഥികൾക്കും അധ്യാപകർക്കും പൂർണ്ണസംരക്ഷണം ഉറപ്പ് വരുത്തി രക്ഷിതാക്കളുടെ ആശങ്ക അകറ്റത്തക്കവിധം കുറ്റമറ്റ സുരക്ഷാനടപടികൾ ഉണ്ടാകുകയും വേണം.

കോവിഡ് മരണത്തെതുടർന്ന് നടക്കുന്ന ശവസംസ്കാര ചടങ്ങുകൾ സംബന്ധിച്ച് ആശങ്ക ഇപ്പോഴും നിലനില്ക്കുന്നുണ്ട്. മരണമടഞ്ഞവരുടെ കുടുംബാംഗങ്ങളുടെ മാനസികാവസ്ഥകൂടി കണക്കിലെടുത്ത് വേണം ക്രമീകരണങ്ങൾ ചെയ്യേണ്ടത്. മൃതദേഹം ആശുപത്രി, മോർച്ചറി എന്നിവിടങ്ങളിൽ നിന്ന് സംസ്കാരസ്ഥലത്ത് എത്തിച്ച് സംസ്കരിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ കുടുംബാംഗങ്ങൾക്ക് ആശ്വാസകരവും എന്നാൽ ജാഗ്രത കൈവിടാതെയും നിർവഹിക്കേണ്ടതുമാണ്. വേർപാടിന്റെ വേദനയിലാകുന്ന കുടുംബാംഗങ്ങളോട് അവരുടെ ദുഖത്തിൽ പങ്കുചേരുകയും ആശ്വാസം നല്കുകയും ചെയ്യേണ്ടത് വിശ്വാസസമൂഹത്തിന്റെ കടമയാണ്. അതാത് ഇടങ്ങളിൽ യുവജനങ്ങൾ ഇതിന് മുൻകൈ എടുക്കണം. കേന്ദ്രയുവജനസഖ്യത്തിന്റെ ഇപ്പോഴുള്ള ക്രമീകരണങ്ങൾ ശ്ലാഘനീയമാണ്. അതും ഇത്തരം സന്ദർഭങ്ങളിൽ പ്രയോജനപ്പെടുത്താവുന്നതാണ്.

അഫ്ഗാനിസ്ഥാന്റെ ഭരണം താലിബാൻ അനായാസേന വീണ്ടും കൈപ്പിടിയിലൊതുക്കി. ദേശീയതയുടെ മുഖാവരണം ധരിച്ചാണ് താലിബാന്റ രംഗപ്രവേശം. താലിബാൻ ഭരണത്തെ നേരത്തെ തന്നെ രുചിച്ചറിഞ്ഞിരുന്ന അഫ്ഗാനിസ്ഥാനിലെ ഭൂരിപക്ഷ ജനത, പ്രത്യേ

കിച്ച് സ്ത്രീകൾ, ഏറെ പരിഭ്രാന്തരായിരുന്നു. എന്നാൽ അഫ്ഗാൻ പിടിച്ചെടുത്ത് താലിബാൻ നേതാക്കൾ നടത്തിയ ആദ്യ പ്രസ്താവനകളിൽ പുതിയ ഭരണക്രമം സ്ത്രീ സ്വാതന്ത്ര്യത്തെ ഹനിക്കുന്നതാകുകയില്ല എന്ന സൂചനകൾ നല്കിയിരുന്നു. എന്നാൽ പെൺകുട്ടികൾക്ക് പഠനം നിഷേധിക്കുന്നു എന്ന വാർത്തകൾ ഏറെ അസ്വസ്ഥത ഉളവാക്കുന്നതാണ്. തീവ്രമതബോധവും ദേശീയതയും കൂട്ടിക്കലർത്തുന്ന അത്യന്തം അപകടകരമായ ഒരു ദശാസന്ധിയിലൂടെ ആ രാജ്യം കടന്നു പോകുമ്പോൾ ആ ജനതയെ ഓർത്ത് നമുക്ക് പ്രാർത്ഥിക്കാം.

'നർക്കോട്ടിക് ജിഹാദ്' എന്ന പരാമർശത്തിന്റെ പേരിൽ കേരളത്തിൽ അടുത്തിടെയുണ്ടായ വിവാദങ്ങൾ ഏറെ ആശങ്കാജനകമാണ്. വാക്കുകളുടെ പ്രയോഗങ്ങളിലെ സൂക്ഷ്മത ഓർമ്മിപ്പിക്കുന്ന ഒരു സംഭവമാണിത്. മൗലിക വാദികളെയും, തീവ്രവാദികളെയും, വർഗീയവാദികളെയും, പുനരുത്ഥാനവാദികളെയും ഏതെങ്കിലും ഒരു മതത്തിന്റെ ലേബലിൽ കൂട്ടികുഴച്ചു വായിക്കുന്നത് ഏറെ വിനാശകരമാണ്. എല്ലാ മതങ്ങളിലും ഇത്തരം സംഘങ്ങളും അവയുടെ പ്രായോജകരും ഉണ്ടാകാം. മതത്തിന്റെ അലംഘനീയമായ ശരികളിൽ വിശ്വസിക്കുമ്പോൾ തന്നെ സർവസൃഷ്ടികളുടെയും പൊതുനന്മകളിലാണ് മത ബോധങ്ങളുടെ അടിസ്ഥാനം എന്ന് എല്ലാവരും മനസ്സിലാക്കേണ്ടത് ആവശ്യം തന്നെ. പരസ്പരതയും സാമൂഹ്യബോധവും ഏറെയുണ്ടെന്നു അഭിമാനിച്ചിരുന്ന കേരളീയർ മതബോധത്തിൽ അടിയുറച്ച സ്വത്വ ബോധ്യങ്ങളുടെ പേരിൽ പരസ്പരം ആക്രോശിച്ചുകൊണ്ടിരിക്കുന്നതു ഒട്ടും അഭികാമ്യമല്ല. ഒരു മതത്തിൽ വിശ്വസിക്കുവാനും അത് പ്രചരിപ്പിക്കുവാനുമുള്ള അവകാശം ക്രൈസ്തവ പ്രതിനിധികൾ കൂടി ഉൾപ്പെട്ടിരുന്ന നിയമ നിർമാണ സഭയുടെ ആദ്യകാല സമ്മേനങ്ങളിൽ ഏറെ ചർച്ചചെയ്ത് എടുത്ത തീരുമാനമാണ്. അതുകൊണ്ടു തന്നെ മതം മാറുവാനുള്ള ഒരു വ്യക്തിയുടെ ഭരണഘടനാപരമായ അവകാശത്തെ ആർക്കും നിഷേധിക്കുവാനാകില്ല. എന്നാൽ ഹീനമായ മാതൃകയിൽ അധികാരവും പണവും മറ്റു മാർഗങ്ങളുമുപയോഗിച്ചു ആളുകളെ സ്വന്ത മതത്തിലേക്ക് ചേർക്കുന്നത് യഥാർത്ഥ മത വിശ്വാസികൾക്ക് ഉൾക്കൊള്ളാൻ കഴിയുന്നതല്ല. ഈ പശ്ചാത്തലത്തിൽ ചില നിഷിപ്ത താല്പര്യക്കാരുടെ കുത്സിത ബുദ്ധിയെ തിരിച്ചറിയേണ്ടതും അവയ്ക്കെതിരെ തങ്ങളുടെ സമൂഹങ്ങളെ ഓർമ്മിപ്പിക്കേണ്ടതും ആവശ്യമായി വന്നേക്കാം. പൊതു സമൂഹത്തിൽ സമാധാനവും മൈത്രിയും നിലനിർത്തേണ്ടത് നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. ക്രിസ്തീയ സുവിശേഷം വിദ്വേഷത്തിന്റേതല്ല, സ്നേഹത്തിന്റെ സന്ദേശമാണ്. മതേതരത്വം അനേകം വെല്ലുവിളികൾ നേരിടുന്ന ഈ കാലത്തു നമ്മുടെ വാക്കുകളും പ്രവർത്തികളുംമനുഷ്യരെ ഭിന്നിപ്പിക്കുന്നവ ആയിരിക്കരുത്, പ്രത്യുത, അകന്നിരിക്കുന്നവരെ അടുപ്പിക്കുവാനും ശത്രുതയിലുള്ളവരെ യോജിപ്പിക്കുവാനും അന്യോന്യം സമാധാനത്തിൽ ജീവിക്കുവാനും സഹായിക്കുന്നതായിരിക്കണം (2 കൊരിന്ത്യർ 5: 18, 19). നമ്മുടെ ഓരോരുത്തരുടെയും പ്രസ്താവനകളും പ്രവർത്തികളും ഈ സത്യം മുമ്പിൽ വെച്ചു കൊണ്ടുള്ളതായിരിക്കട്ടെ.

തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവകലാശാലയുടെ ആഭിമുഖ്യത്തിൽ 'ശ്രീ നാരായണ ഗുരു: ഭാവനയും ദർശനവും' എന്ന വിഷയത്തെ അധികരിച്ചു നടത്തിയ വെബിനാറിൽ മുഖ്യപ്രഭാഷണം നടത്തുവാൻ സാധിച്ചു. വൈസ് ചാൻസലർ ഡോ. അനിൽ വള്ളത്തോൾ അധ്യക്ഷത വഹിച്ച ചടങ്ങ്, ശ്രീനാരായണ ഗുരു ഓപ്പൺ സർവകലാശാല വൈസ് ചാൻസലർ ഡോ. പി. എം. മുബാറക് പാഷ ഉദ്ഘാടനം ചെയ്തു. ശ്രീനാരായണ ഗുരു ഈഴവ സമുദായത്തിന് മാത്രമായിരുന്നില്ല, ആകമാന കേരള സമൂഹത്തിനു മൊത്തത്തിൽ വഴികാട്ടിയ ആധ്യാത്മിക നേതാവായിരുന്നു. മത പരിവർത്തനം സംബന്ധിച്ച വിവാദങ്ങളാൽ കലുഷിതമായ ഈ കാലത്ത് ഗുരുവിന്റെ വാക്കുകൾ ഏറെ പ്രസക്തമാണ്.

അന്താരാഷ്ട്ര ബാലിക ദിനമായി ഒക്ടോബർ 11 ആചരിക്കുന്നു. ലിംഗവിവേചനമാണ് പെൺകുട്ടികൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. ഭ്രൂണഹത്യമുതൽ ഈ വിവേചനം ആരംഭിക്കുകയാണ്. പെൺകുഞ്ഞുങ്ങളെ ഒരു ഭാരമായി കരുതുന്ന സമൂഹത്തിൽ അവരെ ജനന സമയത്തു തന്നെ കൊന്നുകളയുവാൻ തീരുമാനിക്കുന്ന മാതാപിതാക്കൾ എത്ര ക്രൂരതയാണ് കാട്ടുന്നത്. ഇന്ത്യയിലെ ഒൻപതു സംസ്ഥാനങ്ങളിൽ ആയിരം ആൺകുട്ടികൾ ജനിക്കുമ്പോൾ തൊള്ളായിരത്തിൽ താഴെമാത്രമാണ് പെൺകുട്ടികളുടെ ജനന നിരക്ക്. ഇതിന്റെ പ്രധാന കാരണം ഭ്രൂണഹത്യയാണ്. ഇന്ത്യയിലെ നാലു പെൺകുട്ടികളിൽ ഒരാൾ ശൈശവ വിവാഹത്തിന് വിധേയയാകുന്നു എന്നതാണ് മറ്റൊരു യാഥാർഥ്യം. ബാലികമാരെ വിദ്യാഭ്യാസം ചെയ്യുവാൻ അനുവദിക്കാതെ കുടുംബ ഭരണം ഏൽപ്പിക്കുന്ന പ്രവണത, അതും ചില ആചാരങ്ങളുടെ ഭാഗമായി നിലനിൽക്കുന്നത് ഏറെ ദുഃഖകരമത്രെ. ബാലികമാരെ ലൈംഗീക ചൂഷണത്തിനായി കടത്തികൊണ്ടുപോകുന്ന ആധുനിക അടിമത്വ വ്യാപാരം പ്രബലമായി വരുന്നു എന്നതും ഗൗരവത്തോടെ നാം വീക്ഷിക്കണം. ലിംഗവിവേചനത്തിനെതിരെ നിലപാടുകൾ എടുക്കുവാൻ പ്രേരിപ്പിക്കുന്ന ആത്മീയതയുടെ പ്രസക്തി കൂടുതൽ വെളിവാകുന്നത് ഇത്തരം സന്ദർഭങ്ങളിലാണ്.

ടാറ്റാ കാൻസർ സെന്ററുമായി സഹകരിച്ച് കറ്റാനം സെന്റ് തോമസ് മിഷൻ ആശുപത്രിയിൽ ഓങ്കോളജി ഡിപ്പാർട്ട്മെന്റ് ആരംഭിക്കുന്നതിനും, കൊട്ടാരക്കര മാർത്തോമ്മാ എപ്പിസ്കോപ്പൽ ജൂബിലി മന്ദിരത്തിന്റെ ഹോസ്പീസിനോട് ചേർന്ന് കാൻസർ ചികിത്സയിലുള്ള രോഗികൾക്കായി പെയിൻ ആന്റ് പാലിയേറ്റീവ് കെയർ ആരംഭിക്കുന്നതിനുമുള്ള പ്രാഥമിക ചർച്ചകൾ ആരംഭിക്കുകയും അതിന്റെ നടപടിക്രമങ്ങളിലേക്ക് പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. ഇത് ആവശ്യത്തിലിരിക്കുന്ന വലിയ ഒരു സമൂഹത്തിന് ആശ്വാസമാകുമെന്നതിന് സംശയമില്ല. കൊട്ടാരക്കര മാർത്തോമ്മാ എപ്പിസ്കോപ്പൽ ജൂബിലി മന്ദിരത്തിന് വേണ്ടി 'ഡോക്ടേർസ് ഫോർ യു' എന്ന

സംഘടന ഒരു ആംബുലൻസ് സ്പോൺസർ ചെയ്ത് നല്കി. അവരോടുള്ള നന്ദി അറിയിക്കുന്നു. ചുങ്കത്തറ മാർത്തോമ്മാ മിഷൻ ആശുപത്രിയിൽ ഒഫ്താൽമോളജി യൂണിറ്റിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. കൂടാതെ നമ്മുടെ ചുങ്കത്തറ മാർത്തോമ്മാ കോളേജിന്റെ റൂബി ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുന്നതിനും പെരുമ്പാവൂർ വനിതാകോളേജ് സന്ദർശിക്കുന്നതിനും സാധിച്ചു. സഭയിലൂടെ വടക്കൻ കേരളത്തിൽ ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ കൈവരിക്കുന്ന നേട്ടങ്ങൾക്കായി ദൈവത്തിന് നന്ദികരേറ്റാം. ഇക്കഴിഞ്ഞ അധ്യയനവർഷത്തിൽ കോട്ടയം മാർത്തോമ്മാ വൈദിക സെമിനാരിയും, ഫരീദാബാദ് ധർമ്മജ്യോതി വിദ്യാപീഠും അക്കാദമിക് രംഗത്ത് മികച്ച വിജയം കൈവരിച്ചു. ബി. ഡി. യ്ക്കും, എം. റ്റി. എച്ച്. നും ഫസ്റ്റ് ക്ലാസ്സ് ഉൾപ്പെടെ നല്ലനിലവാരം പുലർത്തി. വിദ്യാർത്ഥികളെയും അധ്യാപകരെയും അഭിനന്ദിക്കുന്നു.

ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ നിയുക്ത കാതോലിക്കാ ബാവായായി എപ്പിസ്കോപ്പൽ സുന്നഹദോസും മാനേജിങ് കമ്മിറ്റിയും നാമനിർദ്ദേശം ചെയ്ത അഭിവന്ദ്യ ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തയെ മാർത്തോമ്മാ സഭയുടെ നാമത്തിൽ അനുമോദിക്കുന്നു. കണ്ടനാട് വെസ്റ്റ് ഭദ്രാസനാധിപനും എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ മുൻ സെക്രട്ടറിയുമായിരുന്ന സേവേറിയോസ് തിരുമേനി ദൈവശാസ്ത്ര-എക്യുമെനിക്കൽ രംഗങ്ങളിൽ സജീവമായി പ്രവർത്തിക്കുന്നു. സഭയിലും സമൂഹത്തിലും അത്യന്തം സങ്കീർണ്ണമായ ഒരു ചരിത്ര ഘട്ടത്തിൽ നേതൃത്വത്തിലെത്തുന്ന തിരുമേനിക്ക് സർവശക്തനായ ദൈവം ആയുസും ആരോഗ്യവും നല്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

ഒക്ടോബർ അവസാനത്തോടുകൂടി സഭ ഒരു പുതിയ ആരാധനാ വർഷത്തിലേക്ക് പ്രവേശിക്കുന്നു. കർത്താവായ യേശുക്രിസ്തുവിലൂടെ പിതാവായ ദൈവം നടത്തിയ ദൈവിക രക്ഷിക പദ്ധതിയിലെ ഓരോ സംഭവവും ക്രമാനുഗതമായി അനാവരണംചെയ്ത് ആ അനുഭവത്തിൽ ക്രിസ്തുവിനോട് ചേർന്ന് യാത്രചെയ്യുവാനും ജീവിക്കുവാനും വിശ്വാസികളെ ആരാധനയിലൂടെ സഹായിക്കുന്ന സഭയുടെ ക്രമീകരണമാണ് ആരാധനാവർഷം (Liturgical Year). ആരാധനാ വർഷാചരണത്തിലൂടെ ക്രിസ്തു നമ്മോടുകൂടെയിരിക്കുന്ന, നാംക്രിസ്തുവിലായിരിക്കുന്ന ഒരു അനുഭവത്തിലേക്ക് വിശ്വാസികളെ കൊണ്ടെത്തിക്കേണ്ടിയിരിക്കുന്നു. പുതിയ ആരാധനാ വർഷത്തിലെ ഓരോ ദിവസവും നാമോരോരുത്തരുടെയും ജീവിതങ്ങളെ കർത്താവിനോടു ചേർത്ത് നിർത്തുന്ന അവസരങ്ങളായിതീരട്ടെയെന്ന് പ്രാർത്ഥിക്കാം.

നമ്മുടെ സഭയിലെ സീനിയർ വൈദികരിലൊരാളായ റവ.റ്റി.എ.ജോൺ കർത്ത്യസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. വിവിധ ഇടവകകളിൽ അച്ചൻ കുടുംബമായി നിർവഹിച്ച സേവനങ്ങളെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. മാർത്തോമ്മാ സഭാകൗൺസിലംഗവും, സംസ്ഥാന-ദേശീയ അധ്യാപക അവാർഡ് ജേതാവും, മാർത്തോമ്മാ ഹയർസെക്കൻഡറി സ്കൂളുകളുടെ ഹെഡ്മാസ്റ്ററുമായിരുന്ന നാരങ്ങാനം സെന്റ് തോമസ് മാർത്തോമ്മാ ഇടവകാംഗം ശ്രീ.സാം മാത്യു നിര്യാതനായി. മാർത്തോമ്മാ സഭാകൗൺസിലിലും സഭയുടെ വിവിധ കമ്മറ്റികളിലും, വിശിഷ്യ വിദ്യാഭ്യാസ മേഖലയിലും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ച ഇൻഡോർ മാർത്തോമ്മാ ഇടവകാംഗം ഡോ. ജോൺ എം. ചാക്കോ നിര്യാതനായി. ഇവരിലൂടെ സഭയ്ക്കും സമൂഹത്തിനും ലഭിച്ച ധന്യമായ സേവനങ്ങളെ ഓർത്ത് ദൈവത്തെ സ്തുതിക്കാം. ഈ പ്രിയപ്പെട്ടവരുടെ വേർപാടിൽ ദുഃഖാർത്തരായ കുടുംബാംഗങ്ങളെ ദൈവംതമ്പുരാൻ ആശ്വസിപ്പിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും സഭയുടെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

ഒക്ടോബർ ആദ്യ ഞായറാഴ്ച സഭ സന്നദ്ധസുവിശേഷക സംഘദിനമായി വേർതിരിച്ചിരിക്കുന്നു. 'സുവിശേഷത്തിന്റെ വാഹകർ' (മത്തായി 28: 16–20) എന്നതാണ് ചിന്താവിഷയം. ഓരോ ക്രിസ്തുവിശ്വാസിയും ഒരു സുവിശേഷകനായി വിളിക്കപ്പെടുകയും നിയോഗിക്കപ്പെടുകയും ചെയ്തിരിക്കുന്നു എന്ന ബോധ്യം ആഴമായി സാംശീകരിച്ച സഭയാണ് മാർത്തോമ്മാ സഭ. സ്വർഗ്ഗാരോഹണത്തിന് മുമ്പ് യേശു തന്റെ ശിഷ്യന്മാർക്ക് നൽകുന്ന വലിയ നിയോഗം ഏവരെയും തന്റെ ശിഷ്യത്വത്തിലേക്ക് നയിക്കുക എന്നതാണ്. സുവിശേഷം സദ്വർത്തമാനമാണ്. അത് വാക്കിലൂടെയും ജീവിതത്തിലൂടെയും പങ്കുവെയ്ക്കപ്പെടേണ്ടതാണ്. മറ്റുള്ളവരുടെമേൽ ആധിപത്യം നടത്തുവാനല്ല, അപരനോടുള്ള ആദരവോടെ ജീവന്റെ പൂർണ്ണതയിലേക്ക് നയിക്കുവാനാണ് സുവിശേഷകരുടെ നിയോഗം. സമൂഹത്തിൽ നിലനിൽക്കുന്ന ജാതി, മത, വർഗ്ഗ അതിർവരമ്പുകളെ അതിജീവിച്ച് അന്യോന്യ സ്നേഹത്തിന്റെയും കരുതലിന്റെയും ആതിഥേയത്വത്തിന്റെയും പ്രയോക്താക്കളാകാം. അത് ക്രിസ്തുയേശുവിന്റെ അധികാരത്തിലും, നിരന്തരമുള്ള ക്രിസ്തു സാന്നിധ്യത്തിലും നിർവഹിക്കപ്പെടുവാനായി നമ്മെ സമർപ്പിക്കാം.

ഒക്ടോബർ രണ്ടാം ഞായറാഴ്ച സഭ ധ്യാനിക്കുന്നത് 'ഭിന്നശേഷിക്കാരോടുള്ള ക്രിസ്തീയ സമീപനം' (മത്തായി 15: 29–31) എന്ന വിഷയമാണ്. യഹൂദാസമൂഹത്തിൽ അപൂർണ്ണരെന്ന് മുദ്രകുത്തി മാറ്റിനിർത്തിയിരുന്ന ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെ ആർദ്രതയോടെ സ്വീകരിച്ച് അവർക്ക് സൗഖ്യം പ്രദാനം ചെയ്യുന്ന മനോഭാവമാണ് യേശുവിൽ നാം ദർശിക്കുന്നത്. ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ സമൂഹത്തിൽ പലപ്പോഴും അദൃശ്യമാണ്. കരുതുന്ന ഒരു സമൂഹത്തിൽ മാത്രമെ അവർക്ക് വളരുവാനും തങ്ങളുടെ ജീവിതനിയോഗം സാക്ഷാത്കരിക്കുവാനും കഴിയുകയുള്ളു. ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ വ്യത്യസ്ഥമായ ശേഷികളാൽ സമൃദ്ധരാണെന്ന് തിരിച്ചറിഞ്ഞ് അവരെ ആദരിക്കുന്നതും കരുതുന്നതുമായ സമീപനം സഭയിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. ആരാധനയിലും സഭയുടെ മറ്റ് സമ്മേളനങ്ങളിലും ഭിന്നശേഷിയുള്ളവർക്ക് പങ്കെടുക്കുവാൻ തക്കവണ്ണം നമ്മുടെ ക്രമീകരണങ്ങൾ എല്ലാം സജ്ജമാകേണ്ടിയിരിക്കുന്നു. ശാരീരിക പ്രതിബന്ധങ്ങൾ അതിജീവിക്കു

വാനുള്ള ദൈവകൃപ പങ്കുവെയ്ക്കപ്പെടുന്ന ആർദ്രതയുള്ള സമൂഹമായി സഭ വളരണം.

സഭ യുവജന ഞായറായി വേർതിരിച്ചിരിക്കുന്ന ഒക്ടോബർ മൂന്നാം ഞായറാഴ്ച 'യൗവനം – അർത്ഥവത്തായ ജീവിതത്തിനുള്ള അന്വേഷണം' (മർക്കോസ് 10: 17–22) എന്നതാണ് ചിന്താവിഷയം. യുവത്വം വ്യത്യസ്ഥമായ അന്വേഷണങ്ങളുടെ കാലഘട്ടമാണ്. നിത്യജീവന്റെ അനുഭവം തേടി യേശുവിന്റെ സമീപത്തെത്തുന്ന വ്യക്തി ചെറുപ്പംമുതൽ പ്രമാണങ്ങളിൽ കണിശത പുലർത്തിയയാളാണ്. ഇനി ജീവിതത്തിന്റെ ആത്യന്തികമായ അർത്ഥവും ലക്ഷ്യവും കൈവരിക്കുവാനുള്ള അന്വേഷണത്തിലാണ്. എന്നാൽ യേശുവിന്റെ ഉത്തരം ജീവിതത്തിന്റെ ആഴങ്ങളെ സ്പർശിക്കുവാൻ പര്യാപ്തമല്ലാത്ത മതനിഷ്ഠകളുടെ അപര്യാപ്തതയെ സൂചിപ്പിക്കുന്നു. ജീവിതത്തിന്റെ ആഴമായ സമർപ്പണത്തെ ആവശ്യപ്പെടുന്നതാണ് അർത്ഥവത്തായ ജീവിതത്തിനായുള്ള അന്വേഷണം. ഭൗതികമായ സുരക്ഷിതത്വങ്ങൾ ദൈവത്തിന് വേണ്ടി ത്യജിക്കുവാൻ സന്നദ്ധമാകുമ്പോഴാണ് ദൈവിക ജീവിതത്തിന്റെ സമൃദ്ധിയിലേക്ക് നീങ്ങുവാൻ കഴിയുന്നത്. ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് നിത്യജീവന്റെ അനുഭവക്കാരാകുവാൻ നമ്മെ ദൈവകരങ്ങളിലർപ്പിക്കാം.

ക്രിസ്തീയ കുടുംബപ്രതിഷ്ഠാദിനമായി സഭ ആചരിക്കുന്ന ഒക്ടോബർ നാലാം ഞായറാഴ്ച 'കുടുംബം: ദൈവരാജ്യത്തിന്റെ പതിപ്പ്' (ലൂക്കോസ് 2: 41–52) എന്നതാണ് ചിന്താവിഷയം. പാരമ്പര്യ സങ്കൽപ്പങ്ങളെ മാറ്റിമറിക്കുന്ന കുടുംബത്തിന്റെ പുതിയ പതിപ്പുകൾ ഏറെ പ്രത്യക്ഷമാണ്. കൗമാരപ്രായക്കാരനായ യേശു പെരുന്നാളിന് മാതാപിതാക്കളോടൊപ്പം യെരുശലേമിലേക്ക് യാത്ര ചെയ്യുന്നു. കുടുംബത്തിനുള്ളിലും സമൂഹവുമായുള്ള ബന്ധത്തിലും വിശ്വാസവും വ്യക്തിത്വവും രൂപപ്പെടുന്നതിന്റെ ഉത്തമവിവരണമാണ് ഈ വേദഭാഗം. കുടുംബത്തിൽ അപ്രതീക്ഷിതവും ഭയാശങ്കകൾ ഉയർത്തുന്നതുമായ അനുഭവങ്ങൾ സ്വാഭാവികമാണ്. വിശ്വാസത്തെ ഗൗരവമായിക്കാണുന്ന യേശു ദൈവാലയത്തിൽ ഉപദേഷ്ഠാക്കന്മാരോട് സംവാദം നടത്തുന്നത് ഭവനത്തിന്റെ അതിർത്തികൾക്ക് അപ്പുറത്തുള്ള ഒരു ഇടപെടലാണ്. ദൈവാലയം തന്റെ സ്വർഗ്ഗീയ പിതാവിന്റെ സാന്നിധ്യം തിരിച്ചറിയുന്ന ഇടമാണ് എന്ന തിരിച്ചറിവ് കുടുംബത്തിലെ വിശ്വാസവളർച്ചയുടെ പക്വതയാർന്ന പ്രതികരണമാണ്. മാത്രമല്ല, ക്രിസ്തീയ കുടുംബം രക്തബന്ധത്തിനപ്പുറം ദൈവഹിതം അന്വേഷിക്കുന്നവരുടെ കൂട്ടായ്മയാണ് എന്നത് നാം ഓരോരുത്തരും തിരിച്ചറിയേണ്ട ഒരു യാഥാർത്ഥ്യമാണ്. അവിടെയാണ് കുടുംബം ദൈവരാജ്യത്തിന്റെ പതിപ്പാകുന്നത്.

മനുഷ്യന്റെ സ്വാർത്ഥ താല്പര്യങ്ങളുടെ കൂടാരമായി ഭവനങ്ങൾ മാറുന്നോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കെട്ടുപാടിലും കെട്ടുറപ്പിലുമൊക്കെ ഒത്തിരി രൂപഭാവം വന്ന പുത്തൻ കുടുംബ വ്യവസ്ഥ ഉയർത്തുന്ന വെല്ലുവിളികൾ ഏറെയാണ്. ഉയർന്ന കല്യാണപ്രായം, ഏറിവരുന്ന വിവാഹമോചനം, ജോലിത്തിരക്കിൽ കുട്ടികളെ ശ്രദ്ധിക്കാനുള്ള പങ്കപ്പാട്, ഉയർന്ന ജീവിതച്ചെലവ് തുടങ്ങി ഒത്തിരി പ്രശ്നങ്ങളിൽ കുടുംബ വിപുലീകരണം ഒരു ഭാരമായി കരുതുന്ന പുതുതലമുറ. സെന്റർ ഫോർ ഡെവലപ്മെന്റ് അടുത്തിടെ പുറത്തിറക്കിയ ഒരു പഠനം ഏറെ ചർച്ചാവിഷയമായിരുന്നുവല്ലോ. കേരളത്തിലെ വിവിധ സമുദായങ്ങളിൽ ജനനനിരക്ക് ഏറെ കുറവുള്ള ഒരു സമൂഹം മാർത്തോമ്മാ സമൂഹമാണുപോലും. നമ്മൾ ഒരു ചെറിയ സമൂഹമാണെന്നതിന് രണ്ട് പക്ഷമില്ല. വർഗബോധത്തിലൂന്നിയല്ല ജനനനിരക്കിലെ സന്തുലിതാവസ്ഥയെക്കുറിച്ച് നമ്മൾ വേവലാതിപ്പെടേണ്ടത്. എന്നാൽ കുടുംബത്തെക്കുറിച്ചുള്ള ദൈവിക പദ്ധതിയും സമൂഹ നിർമ്മിതിയിലുള്ള കുടുംബത്തിന്റെ സൃഷ്ടിപരമായ പങ്കും തിരിച്ചറിഞ്ഞു ക്രിയാത്മകമായി പ്രവർത്തിക്കുവാൻ കുടുംബം നയിക്കുന്നവർക്കിടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഒക്ടോബർ അവസാന ഞായറാഴ്ച 'സഭയുടെ ശുദ്ധീകരണം' (മത്തായി 21: 12–17) എന്നതാണ് ചിന്താവിഷയം. യെരുശലേമിലേക്ക് എഴുന്നള്ളുന്ന യേശു ദേവാലയത്തിൽ ശുദ്ധീകരണം നടത്തുന്നു. ജാതികളുടെ പ്രാകാരങ്ങൾ കയ്യടക്കി അവിടെ നടത്തിയിരുന്ന ക്രയവിക്രയങ്ങളെ യേശു നിഷ്കരുണം ഒഴിപ്പിക്കുന്നു. ദേവാലയത്തിൽ നിന്നും മാറ്റി നിർത്തപ്പെട്ടിരുന്ന ജനവിഭാഗങ്ങൾക്ക് പുനഃപ്രവേശനം യേശു സാധ്യമാക്കുന്നു. യേശു നിർവഹിച്ച ശുദ്ധീകരണം യെരുശലേം ദേവാലയത്തിൽ നിലനിന്നിരുന്ന അധികാര വ്യവസ്ഥിതികളെ സമൂലം മാറ്റിമറിക്കുന്നതാണ്. ദേവാലയത്തിന്റെ യഥാർത്ഥ ഉദ്ദേശ്യത്തിലേക്കുള്ള പുനസംസ്ഥാപനമാണ് ശുദ്ധീകരണത്തിലൂടെ സംഭവിക്കുന്നത്. സഭയ്ക്ക് നിരന്തരമായ ശുദ്ധീകരണം ആവശ്യമാണ്. ദൈവാത്മാവിന്റെ പ്രവർത്തനത്താൽ ശുദ്ധീകരിക്കപ്പെടുമ്പോൾ മാത്രമെ സഭയ്ക്ക് ലോകത്തിൽ ദൈവത്തിന്റെ ഭവനമായി നിലനിൽക്കുവാൻ കഴിയുകയുള്ളൂ. ശുദ്ധീകരണത്തിന് സ്വയം സമർപ്പിക്കപ്പെടുമ്പോഴാണ് സഭയിലൂടെ ദൈവഹിതം നിറവേറപ്പെടുന്നത്. അതിനായി നമ്മെ ദൈവകരങ്ങളിലർപ്പിക്കാം.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.



**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**

പുലാത്തീൻ
28.09.2021